സാംക്രമിക രോഗങ്ങൾ ബാധിച്ച് മരണമടഞ്ഞവർ

162 [140] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്ത് വിവിധ സാംക്രമിക രോഗങ്ങളായ ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, പ്ലേഗ്, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവ ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് എയ്ഡ്സ് ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ട്; സംസ്ഥാനത്തെ എയ്ഡ്സ് രോഗികളുടെ എണ്ണം എത്രയാണ്;

(സി) മഴക്കാല രോഗങ്ങളായ വൈറൽ ഹിവർ, ജപ്പാൻ ജ്വരം, ഡെങ്കിപ്പനി, എലിപ്പനി എന്നിവ തടയുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ അസുഖങ്ങൾമൂലം മരണപ്പെട്ടിട്ടുള്ളവരുടെ വിവരം താഴെ ചേർക്കുന്നു:

ഡെങ്കിപ്പനി	-	45
ജപ്പാൻ ജ്വരം	-	5
എലിപ്പനി	-	520
ഹെപ്പറ്റൈറ്റിസ് എ	-	32
ഹെപ്പറ്റൈറ്റിസ് ബി	-	42

പ്ലേഗ്മൂലം ആരുംതന്നെ മരണപ്പെട്ടിട്ടില്ല.

(ബി) 636 എയ്ഡ്സ് ബാധിതർ ഇതുവരെ മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിൽ ഏകദേശം എഴുപതിനായിരത്തിനും ഒരു ലക്ഷത്തിനു മിടയ്ക്ക് എച്ച്. ഐ. വി. ബാധിതർ ഉള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(സി) (1) സംസ്ഥാനത്തെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മഴക്കാലത്തിനുമുൻപുതന്നെ (ഏപ്രിൽ മാസം) സാംക്രമിക രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(2) ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലം മുതൽ വാർഡു തലംവരെ സമിതികൾ രൂപീകരിക്കുകയും ആവശ്യമായ മുൻകരുതലുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കുംകൂടി 62 ലക്ഷം രൂപ സാംക്രമിക രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

(4) 2005 ജൂൺ മാസം 29-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു വകുപ്പുമന്ത്രിമാരും വകുപ്പദ്ധ്യക്ഷൻമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരുടെ യോഗം കൂടുകയും സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.

(5) സാംക്രമിക രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിലേക്കുവേണ്ടി ജില്ലകൾക്ക് ഓരോ ലക്ഷം രൂപ അധികം നൽകുവാനും തീരുമാനമായി.

(6) ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി എല്ലാ വീടുകളിലും ഓരോ നോട്ടീസ് എത്തിക്കുന്നതിനും പ്രധാന സ്ഥലങ്ങളിൽ പോസ്റ്റർ പതിക്കുന്നതിനും ബോർഡുകൾ സ്ഥാപിക്കുന്നതിനും തീരുമാനമായി.

(7) സാംക്രമിക രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നുകണ്ടതിനാൽ അതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി വിവിധ വകുപ്പുസെക്രട്ടറിമാരുടെയും അദ്ധ്യക്ഷൻമാരുടെയും യോഗം വിളിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(8) സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(9) രോഗം കാലേക്കൂട്ടി നിർണ്ണയിക്കുന്നതിനും ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടി എല്ലാ ജില്ലകൾക്കും രോഗനിർണ്ണയ ഉപകരണങ്ങൾ ലഭ്യമാക്കിക്കഴിഞ്ഞു.

(10) എല്ലാ ജില്ലകളിലും പനിയുള്ളവരെ പരിശോധിക്കുന്നതിനും രോഗ നിർണ്ണയം നടത്തുന്നതിനും വേണ്ടി പ്രത്യേക ഫിവർ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

(11) കൊതുകുജന്യ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടി കൊതുകുനശീകരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(12) കൊതുകുകളുടെ സാന്ദ്രത മനസ്സിലാക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും വേണ്ടിയുള്ള പഠനങ്ങളും സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടന്നുവരുന്നു.

(13) ഡെങ്കിപ്പനിയുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ സ്ഥലത്തും ഊർജ്ജിതമായി കൊതുകിന്റെ പ്രജനന ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു.

(14) എലിപ്പനിക്കെതിരെ ബോധവൽക്കരണവും പരിസര ശുചീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ, എല്ലാ ആശുപത്രികളിലും ഫലപ്രദമായ ചികിത്സാ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനപ്രദാന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആരോഗ്യ കുടുംബക്ഷേമ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ

163 [142] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനപ്രദാന പദ്ധതി ആരോഗ്യമേഖലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആരോഗ്യ-കുടുംബക്ഷേമ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യ-കുടുംബക്ഷേമ സ്ഥാപനങ്ങളിൽനിന്നുള്ള സേവനത്തിന് പ്രത്യേക ചാർജ്ജ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റ് ആരോഗ്യ-കുടുംബക്ഷേമ സ്ഥാപനങ്ങളുടെ വികസനം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യമേഖലയിൽ സേവനപ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി 4 ജില്ലാ ആശുപത്രികൾ, 16 താലൂക്ക് ആശുപത്രികൾ, 18 കമ്മ്യൂണിറ്റി ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly